## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 507 — 01/07/2019-ൽ മറുപടിക്ക്

### ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ

| | ചോദ്യം<br>**ശ്രീ.പി.സി. ജോർജ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി കമ്പി പൊട്ടി വീണ് ജനങ്ങളുടെ ജീവനും സ്വത്തിനും നാശം സംഭവിക്കുന്നത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ: | (എ) | വൈദ്യുതി കമ്പി പൊട്ടിവീണുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി ബോർഡ് ക്രിയാത്മകമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി സുരക്ഷ നടപടിക്രമങ്ങൾ കർശനമായി നടപ്പിലാക്കാനായി ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ സുരക്ഷാവിഭാഗം ശക്തിപ്പെടുത്തുകയും വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുകയും ചെയ്യുന്നു.<br>വൈദ്യുതികമ്പി പൊട്ടി വീഴാതിരിക്കാനായി, ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണമായും ഒഴിവാക്കി ACSR കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കമ്പികൾ മാറ്റി പുതിയ ACSR കമ്പികളാക്കുന്നതിനും സുരക്ഷയെ മുൻനിർത്തി KSEBL അതീവ പ്രാധാന്യം നൽകിവരുന്നു. കഴിഞ്ഞ പത്തു വർഷങ്ങ ളിലായി 1.38 ലക്ഷം കി മി ലൈൻ, KSEBL റീ കണ്ടക്റ്ററിങ് നടത്തിക്കഴിഞ്ഞു. കേരളസർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തിയും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിച്ചും വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോക നിലവാര ത്തിലേക്ക് ഉയർത്തുകയാണ്. 2021 ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 1 .68 ലക്ഷം കി.മി AAC കമ്പികൾ മാറ്റി സ്ഥാപിക്കുന്നതിനാണ് KSEBL ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ ഘട്ടംഘട്ടമായി എബിസി കണ്ടക്റ്ററുകൾ സ്ഥാപിച്ചുകൊണ്ടും |

<table>
<tr><td></td><td></td><td></td><td>നിർമ്മിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണമായും ഉറപ്പുവരുത്തികൊണ്ടും ലൈനുകൾ പൊട്ടി വീഴുന്നതു ഒഴിവാക്കാൻ KSEBL ശ്രദ്ധിച്ചുവരുന്നു.<br>കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ സ്പേസറുകൾ സ്ഥാപിച്ചുകൊണ്ടും വൈദ്യുതി കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാൻ ശ്രദ്ധിക്കുന്നു. ഇതുകൂടാതെ പ്രകൃതിക്ഷോഭംമൂലം ലൈൻ പൊട്ടി വീണ് കിടക്കുന്ന പക്ഷം അവ മൂലമുണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട് ലൈൻ ഏർപ്പെടുത്തിയും ഏതു പരാതിയും നേരിട്ട് അറിയിക്കുന്നതിന് 1912 എന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടങ്ങൾ ഒഴിവാക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.<br>ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സേഫ്റ്റി ഓഫീസർമാർക്കായി സുരക്ഷാ വർക്ക്ഷോപ്പ് നടത്തുകയും ഇതിൽ ലൈനിൽ ജോലി ചെയ്യുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെപ്പറ്റിയും ലൈനുകൾ ശരിയായി പരിപാലിക്കേണ്ടതിനെപ്പറ്റിയും വിശദമായി ചർച്ച ചെയ്യുകയും അതിനെപ്പറ്റി പരിശീലനം നൽകുകയും ചെയ്യുന്നു.</td></tr>
<tr><td>(ബി)</td><td>വൈദ്യുതി ലൈൻ ഭൂമിക്കടിയിലൂടെ കടന്നുപോകുന്ന രീതിയിലുള്ള സംവിധാനം ചെയ്യുന്നതിന് സർക്കാർ തീരുമാനം എടുക്കുമോ; എങ്കിൽ വിശദമാക്കുമോ;</td><td>(ബി)</td><td>ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് വളരെ ചെലവേറിയതാകയാൽ RAPDRP പദ്ധതി നിലവിലുള്ള നഗര പ്രദേശങ്ങളിൽ മാത്രമേ ഓവർഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുള്ളു. ഇത്തരത്തിൽ ഫണ്ട് ലഭ്യമാകുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി കേബിളുകളോ എബിസി കണ്ടക്റ്ററുകളോ മറ്റു കവേർഡ് കണ്ടക്റ്ററുകളോ സ്ഥാപിക്കുവാനാണുദ്ദേശിക്കുന്നത്.<br>ഭൂഗർഭ കേബിൾ സംവിധാനത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കി. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി നാളിതുവരെ നഗരപ്രദേശങ്ങളിലായി 1810 കിലോമീറ്റർ 11 കെ.വി ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചു കഴിഞ്ഞു.<br><table><tr><td>APDRP – 395 km</td><td rowspan="2">പൂർത്തീകരിച്ച പദ്ധതികൾ</td></tr><tr><td>R-APDRP – 1357 km</td></tr></table><br>IPDS – 58 km (പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 193 കിലോമീറ്റർ കേബിൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതിൽ 58 Km സ്ഥാപിച്ചു കഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു).</td></tr>
</table>

| | | | |
|---|---|---|---|
| (സി) | സ്വകാര്യ വ്യക്തികൾ തന്റെ പുരയിടത്തിലേക്കും കൃഷിസ്ഥലങ്ങളിലേക്കും ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് അവർ തന്നെ ചെലവ് വഹിച്ചാൽ അതിന് സർക്കാർ അനുമതി നൽകുമോ; വ്യക്തമാക്കാമോ; | (സി) | സ്വകാര്യ വ്യക്തികൾക്ക് തങ്ങളുടെ പുരയിടത്തിലേക്കു അവർ തന്നെ ചെലവ് വഹിക്കുന്ന പക്ഷം, മറ്റു സാങ്കേതിക പ്രശ്നങ്ങൾ ഒന്നുമില്ലെങ്കിൽ, സർവീസ് കണക്ഷൻ ഉൾപ്പെടെ ഭൂമിക്കടിയിലൂടെ ലൈൻ വലിച്ചുകൊടുക്കുന്നതു പരിഗണിക്കാവുന്നതാണ്. |
| (ഡി) | ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടില്ല. |
| (ഇ) | ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് ഭൂമിക്കടിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് ചെലവാകുന്ന തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ഒരു മീറ്റർ 11 kv UG കേബിൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ച നിരക്ക് പ്രകാരം 1770 രൂപയാണ്. ഇതു കൂടാതെ റോഡ് റെസ്റ്റോറേഷൻ ചാർജ്ജും മറ്റു യൂട്ടിലിറ്റി ചാർജ്ജുകളും അധികം വരുന്നതാണ്. ലോ ടെൻഷൻ UG കേബിൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് കമ്മീഷൻ ഇപ്പോൾ നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ